85619/18

RM

## കേരള സർക്കാർ

### സംഗ്രഹം

സഹകരണവകുപ്പ് - കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ ഫെഡറേഷനിലെ ജീവനക്കാർക്ക് 01.09.2016 മുതൽ പ്രാബല്യത്തിൽ ശമ്പള പരിഷ്കരണം അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

08 NOV 2018

---

സഹകരണ (എ ) വകുപ്പ്

സ.ഉ (കൈ) നം. 38/2018/സഹ തീയതി , തിരുവനന്തപുരം. 26/10/2018

---

പരാമർശം :- 1) സ.ഉ (സാധാ)842/2008/സഹ തീയതി 31.12.2008

2) കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ ഫെഡറേഷൻ മാനേജിംഗ് ഡയറക്ടറുടെ 21.11.2017 ലെ ഇ 650/2017/1519 നമ്പർ കത്ത്

3)സഹകരണ സംഘം രജിസ്ട്രാറുടെ 19.02.2018, 28.06.2018 തീയതികളിലെ ഇ.എം(4)/57569/17 നമ്പർ കത്തുകൾ

4)കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ ഫെഡറേഷൻ മാനേജിംഗ് ഡയറക്ടറുടെ 19.05.2018 ലെ ഇ 650/2016/611 നമ്പർ കത്ത്

### ഉത്തരവ്

കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ ഫെഡറേഷനിലെ ജീവനക്കാർക്ക് 01.09.2016 തീയതി പ്രാബല്യത്തിൽ ശമ്പള പരിഷ്കരണം അനുവദിച്ച് ഉത്തരവാകുന്നു.

**(I)ശമ്പളസ്കെയിൽ**

അംഗീകൃത തസ്തികകളുടെ എണ്ണവും തസ്തികകളുടെ പുതുക്കിയ ശമ്പള സ്കെയിലും അനുബന്ധമായി ചേർത്തിരിക്കുന്നു.

**(II)ശമ്പള പരിഷ്കരണ രീതി**

(i) പരിഷ്കരിച്ച ശമ്പള സ്കെയിലുകളുടെ പ്രാബല്യ തീയതി 01.09.2016 ആയിരിക്കും

(ii) 01.09.2016 മുതൽ സർവീസിൽ തുടരുന്ന എല്ലാ സ്ഥിരം ജീവനക്കാരും പരിഷ്കരിച്ച ശമ്പള സ്കെയിലിന്റെ പരിധിയിലായിരിക്കും

(iii) നിലവിലെ ശമ്പള സ്കെയിൽ എന്നത് സ.(ഉ.)(സാധാ) നം.842/2008/സഹ. തീയതി 31.12.2008 പ്രകാരം ഉത്തരവായ ശമ്പള സ്കെയിലുകളായിരിക്കും.

(iv) നിലവിലെ ശമ്പളം എന്നത് 01.09.2016 ലെ അടിസ്ഥാന ശമ്പളം, 01.09.2016 ന് ലഭിക്കേണ്ട ഇൻക്രിമെന്റ് ഉണ്ടെങ്കിൽ ആയത്,സ്റ്റാഗ്നേഷൻ ഇൻക്രിമെന്റുകൾ എന്നിവ കൂട്ടി കണക്കാക്കുന്നതായിരിക്കും.

(v) 01.09.2016 - ലെ അടിസ്ഥാന ശമ്പളത്തോടൊപ്പം അന്ന് നിലവിലുണ്ടായിരുന്ന 247% ക്ഷാമബത്ത ലയിപ്പിച്ചു കൊണ്ടും പഴയ സ്കെയിൽ (2008 ലെ ശമ്പള പരിഷ്കരണ പ്രകാരമുള്ളത്) - ലെ അടിസ്ഥാന ശമ്പളത്തിന്റെ 12% (ഏറ്റവും കുറഞ്ഞത് 2000/- രൂപ) ഫിറ്റ്മെന്റ് ആനുകൂല്യമായും പൂർത്തിയാക്കിയ ഓരോ വർഷത്തിനും 1/2% എന്ന കണക്കിൽ സർവ്വീസ് വെയിറ്റേജും ആയി കണക്കാക്കുന്നതാണ്.

(vi) ഇപ്രകാരം കൂട്ടിക്കിട്ടിയ തുക പരിഷ്കരിച്ച ശമ്പള സ്കെയിലിലെ സ്റ്റേജ് ആണെങ്കിൽ ആയതിലോ അല്ലായെങ്കിൽ തൊട്ടടുത്ത ഉയർന്ന സ്റ്റേജിലോ നിജപ്പെടുത്തേണ്ടതാണ്.

പ്രസ്തുത തുക പുതിയ ശമ്പള സ്കെയിലിലെ പരമാവധി തുക കഴിയുകയാണെങ്കിൽ അവസാനം വാങ്ങിച്ച ഇൻക്രിമെൻറ് നിരക്കിൽ (പരമാവധി മൂന്ന്) സ്റ്റാഗ്നേഷൻ ഇൻക്രിമെൻറുകൾ അനുവദിക്കുന്നതാണ്. പുതിയ ശമ്പള പരിഷ്കരണ പ്രകാരം ശമ്പള നിർണ്ണയം നടത്തുമ്പോൾ അടിസ്ഥാനശമ്പളം , പുതുക്കിയ ശമ്പള സ്കെയിലിന്റെ പരമാവധി തുകയിൽ ശമ്പളം നിർണ്ണയിക്കേണ്ടതും അധികമായി വരുന്ന തുക 'പേഴ്സണൽ പേ' ആയി നിലനിർത്തേണ്ടതും ആയതു തുടർന്നു ലഭിക്കുന്ന ഇൻക്രിമെൻറിൽ ലയിപ്പിക്കുവാൻ പാടില്ലാത്തതുമാണ്. ഈ 'പേഴ്സണൽ പേ' എല്ലാ ആനുകൂല്യങ്ങൾക്കും, അതായത് പിന്നീടുള്ള ശമ്പള നിർണ്ണയത്തിനും, ലീവ് സാലറിക്കും, ക്ഷാമബത്തയ്ക്കും കണക്കാക്കുന്നതാണ്. **ശമ്പള നിർണ്ണയത്തിന് ഓപ്ഷൻ അനുവദിക്കുന്നതല്ല.**

## (III)വാർഷിക വേതന വർദ്ധനവ്

01/09/2016 ന ശേഷം ഏതു തീയതിയിലാണോ വാർഷിക ശമ്പള വർദ്ധനവ് ലഭിക്കേണ്ടത് അതേ തീയതിയിൽ തന്നെ വാർഷിക ശമ്പള വർദ്ധനവ് നൽകുന്നതാണ് . ശമ്പള പരിഷ്കരണ തീയതി മുതൽ ഒരു വർഷം വരെ വാർഷിക ശമ്പളവർദ്ധനവിനായി കാത്തിരിക്കേണ്ടതില്ല. 01/09/2016- നോ അതിനു ശേഷമുള്ള കാലയളവിലോ സർവ്വീസിൽ പ്രവേശിക്കുന്നവർ പുതിയതായി പരിഷ്കരിച്ച ശമ്പളസ്കെയിലിൽ സർവ്വീസിൽ പ്രവേശിച്ചവരായി കണക്കാക്കുന്നതാണ്.

## (IV) സമയബന്ധിത ഹയർ ഗ്രേഡ്

സമയ ബന്ധിത ഹയർ ഗ്രേഡ് ചുവടെ വിവരിക്കും പ്രകാരം അനുവദിക്കുന്നതാണ്.

| ക്രമ നം . | തസ്തിക | വർഷം | ഗ്രേഡ് |
|---|---|---|---|
| 1. | 19000-43600 സ്കെയിലിന് മുകളിലുള്ള തസ്തിക | 8 | 1 |
| | | 16 | 2 |
| | | 23 | 3 |
| 2. | 19000-43600 സ്കെയിലിന് താഴെയുള്ള തസ്തിക | 8 | 1 |
| | | 16 | 2 |
| | | 23 | 3 |
| | | 28 | 4 |

## (V) അലവൻസുകൾ

(i) ക്ഷാമബത്ത - 01/09/2016 ലെ ക്ഷാമബത്തയായ 247% ലയിപ്പിച്ചാണ് ശമ്പള പരിഷ്കരണം നടപ്പാക്കുന്നത്. ആയതിനാൽ പുതുക്കിയ ക്ഷാമബത്ത ചുവടെ വിവരിക്കും പ്രകാരമാണ് .

| | |
|---|---|
| 01/09/2016 മുതൽ | ക്ഷാമബത്ത 0% |
| 01/01/2017 മുതൽ | ക്ഷാമബത്ത 2% |

### (II) വീട്ടുവാടക അലവൻസ്

വീട്ടു വാടക അലവൻസ് പരിഷ്കരിച്ച ശമ്പള സ്കെയിലിന്റെ അടിസ്ഥാനത്തിൽ സർക്കാർ ജീവനക്കാർക്ക് അനുവദനീയമായ നിരക്കിൽ അനുവദിക്കുന്നതാണ് .

### (III) സിറ്റി കോമ്പൻസേറ്ററി അലവൻസ്

സിറ്റി കോമ്പൻസേറ്ററി അലവൻസ് ചുവടെ വിവരിക്കും പ്രകാരം അനുവദിക്കുന്നതാണ്.

| നിലവിലുള്ളത് | | പരിഷ്കരിച്ചത് | |
|---|---|---|---|
| അടിസ്ഥാന ശമ്പളം 12300 വരെ | 100 | അടിസ്ഥാന ശമ്പളം 26000 വരെ | 250 |
| അടിസ്ഥാന ശമ്പളം 12300 നു മുകളിൽ | 200 | അടിസ്ഥാന ശമ്പളം 26000 നു മുകളിൽ | 500 |

### (iv) കണ്ണട അലവൻസ്

കണ്ണട അലവൻസ് സർക്കാർ ജീവനക്കാർക്ക് നൽകി വരുന്ന നിരക്കിലും വ്യവസ്ഥയിലും അനുവദിക്കുന്നതാണ്.

### (v) വാഷിംഗ് അലവൻസ്

പെട്രോൾ പമ്പ്, ആയുർധാര ഫാക്ടറി, പഞ്ചകർമ്മ ആശുപത്രി എന്നിവടങ്ങളിലെ ജീവനക്കാർക്ക് പ്രതിമാസം 250/- രൂപ വാഷിംഗ് അലവൻസിനത്തിൽ അനുവദിക്കുന്നതാണ്.

### (vi) യൂണിഫോം അലവൻസ്

പെട്രോൾ പമ്പ്, ആയുർധാര, പഞ്ചകർമ്മ ആശുപത്രി എന്നിവടങ്ങളിലെ ജീവനക്കാർക്ക് പ്രതിവർഷം 1500/- രൂപ യൂണിഫോം അലവൻസ് അനുവദിക്കുന്നതാണ്. യൂണിഫോം സ്ഥാപനം നൽകുകയാണെങ്കിൽ ടി അലവൻസിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

### (vii) വികലാംഗ ജീവനക്കാർക്ക് കൺവേയൻസ് അലവൻസ്

വികലാംഗരായ സർക്കാർ ജീവനക്കാർക്ക് നൽകിവരുന്ന നിരക്കിലും വ്യവസ്ഥയിലും കൺവേയൻസ് അലവൻസ് ഫെഡറേഷനിലെ ജീവനക്കാർക്കും അനുവദിക്കുന്നതാണ്.

**(VIII) യാത്രാ ബത്ത**

ഫെഡറേഷനിലെ ജീവനക്കാർക്ക് സർക്കാർ അനുവദിക്കുന്ന നിരക്കിലുള്ള യാത്രാബത്ത, ദിന ബത്ത എന്നിവ അനുവദിക്കുന്നതാണ്.

ഡ്രൈവർ തസ്തികയിലുള്ള ജീവനക്കാർക്ക് സർക്കാർ സർവ്വീസിൽ ഡ്രൈവർ തസ്തികയിൽ ജോലി നോക്കി വരുന്ന ജീവനക്കാർക്ക് ലഭിക്കുന്ന നിരക്കിൽ യാത്രാബത്ത, ദിന ബത്ത എന്നിവ അനുവദിക്കുന്നതാണ് .

**(VI) പാർട്ട്ടൈം - കണ്ടിൻജന്റ് ജീവനക്കാർ**

പാർട്ട്ടൈം - കണ്ടിൻജന്റ് ജീവനക്കാർക്ക് മറ്റു ജീവനക്കാർക്ക് ലഭിക്കുന്ന നിരക്കിൽ ക്ഷാമബത്ത, വീട്ടുവാടക അലവൻസ് എന്നിവ അനുവദിക്കുന്നതാണ്.

**(VII) നിബന്ധനകൾ:**

- കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ ഫെഡറേഷനിലെ ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിന് എതിരായോ ജീവനക്കാർക്ക് പുതിയ ശമ്പള സ്കെയിൽ അനുവദിക്കുന്നതിനെതിരായോ ബഹു.കോടതികൾ മുമ്പാകെ ഏതെങ്കിലും വ്യവഹാരങ്ങൾ നിലവിലുളള പക്ഷം പ്രസ്തുത വ്യവഹാരങ്ങളുടെ അന്തിമവിധിയ്ക്ക് വിധേയമായിട്ടായിരിക്കണം ശമ്പള പരിഷ്കരണം നടപ്പിലാക്കേണ്ടത്.
- 01/09/2016 മുതൽ പ്രാബല്യം വരത്തക്ക വിധത്തിൽ ശമ്പള പരിഷ്കരണം നടപ്പിലാക്കേണ്ടതാണ്. എന്നാൽ ശമ്പള പരിഷ്കരണ പ്രകാരം ലഭിക്കുന്ന കുടിശ്ശിക ശമ്പളം 01/09/2017 മുതൽ അനുവദിക്കുന്നതാണ്. കുടിശ്ശിക വിതരണം ചെയ്യുന്നത് സഹകരണ സംഘം രജിസ്ട്രാർ നിശ്ചയിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായിട്ടായിരിക്കും.

  ക്ഷാമബത്ത ഒഴികെയുള്ള എല്ലാ അലവൻസുകളും ശമ്പള പരിഷ്കരണ ഉത്തരവിന്റെ തീയതി മുതൽ മാത്രം പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്..
- ഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ള തസ്തികകളിൽ മാത്രമേ ശമ്പള പരിഷ്കരണം നടത്തുവാൻ പാടുള്ളൂ. സർക്കാരിന്റെ അനുവാദമില്ലാതെ തസ്തികകൾ സൃഷ്ടിക്കുവാൻ പാടുള്ളതല്ല.
- ശമ്പള പരിഷ്കരണത്തിന് ആവശ്യമായ തുക ഫെഡറേഷന്റെ സ്വന്തം ഫണ്ടിൽ നിന്നും കണ്ടെത്തി ശമ്പള പരിഷ്കരണം നടപ്പിലാക്കേണ്ടതാണ്.
- ശമ്പള പരിഷ്കരണം സംബന്ധിച്ച് അപാകതകൾ ശ്രദ്ധയിൽപ്പെടുന്ന പക്ഷം ആയത് ഒരു മാസത്തിനകം സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

**പി.എസ്.രാജേഷ്**

അഡീഷണൽ സെക്രട്ടറി

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.
മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ ഫെഡറേഷൻ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ ആന്റ് ഇ), കേരള, തിരുവനന്തപുരം.
ഇൻഫർമേഷൻ ഓഫീസർ, ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ്.
കരുതൽ ഫയൽ (474/എ 3/2017/സഹ)/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

# അനുബന്ധം

## A. ഫെഡറേഷൻ ആസ്ഥാനത്തെ ജീവനക്കാർ

| Sl. No. | Name of Post (Existing Categories) | No. of Posts | Existing Scale of Pay as per G.O.(Rt)No.842/2008/Co-op. Dated: 31/12/2008 | Revised Scale of Pay |
|---|---|---|---|---|
| 1. | Managing Director | 1 | Deputation/Govt. appointment | |
| 2. | Development Officer | 1 | Deputation/Govt. Appointment ( നിലവിലില്ല ) | |
| 3. | Business Manager | 1 | Deputation/Govt. appointment | |
| 4. | Office Manager | 1 | 11070-280-11910-340-13610-380-16650-450-18450 | 36600-900-37500-1000-42500-1100-48000-1200-54000-1350-59400-1500-65400-1650-72000-1800-79200 |
| 5. | Senior Accountant/ Branch Manager | 3 | 8790-200-9590-240-10790-280-11910-340-13610 | 29200-700-29900-800-33900-900-37500-1000-42500-1100-48000-1200-54000-1350-59400-1500-62400 |
| 6. | Junior Accountant/ Branch Manager | 3 | 7990-200-9590-240-10790-280-11910-340-12930 | 26500-650-27800-700-29900-800-33900-900-37500-1000-42500-1100-48000-1200-54000-1350-56700 |
| 7. | Upper Division Clerk | 3 | 6680-160-7480-170-7990-200-9590-240-10790 | 22200-600-25200-650-27800-700-29900-800-33900-900-37500-1000-42500-1100-48000 |
| 8. | Steno Typist (Malayalam)/ LD Typist | 1 | 4990-130-5510-140-5930-150-6680-160-7480-170-7990 | 19000-500-20000-550-22200-600-25200-650-27800-700-29900-800-33900-900-37500-1000-42500-1100-43600 |
| 9. | Lower Division Clerk | 3 | 4990-130-5510-140-5930-150-6680-160-7480-170-7990 | 19000-500-20000-550-22200-600-25200-650-27800-700-29900-800-33900-900-37500-1000-42500-1100-43600 |
| 10. | Typist English/ Malayalam | 1 | 4990-130-5510-140-5930-150-6680-160-7480-170-7990 | 19000-500-20000-550-22200-600-25200-650-27800-700-29900-800-33900-900-37500- |

| | | | | |
|---|---|---|---|---|
| | | | | 1000-42500-1100-43600 |
| 11. | Pharmacist | 1 | 4990-130-5510-140-5930-150-6680-160-7480-170-7990 | 19000-500-20000-550-22200-600-25200-650-27800-700-29900-800-33900-900-37500-1000-42500-1100-43600 |
| 12. | Salesman | 2 | 4510-120-4990-130-5510-140-5930-150-6680-160-7480 | 17500-500-20000-550—22200-600-25200-650-27800-700-29900-800-33900-900-37500-1000-39500 |
| 13. | Driver | 3 | 4510-120-4990-130-5510-140-5930-150-6680-160-7480 | 17500-500-20000-550—22200-600-25200-650-27800-700-29900-800-33900-900-37500-1000-39500 |
| 14. | Electrician | 1 | 4510-120-4990-130-5510-140-5930-150-6680-160-7480 | 17500-500-20000-550—22200-600-25200-650-27800-700-29900-800-33900-900-37500-1000-39500 |
| 15. | Peon | 9 | 4300-100-4400-110-4510-120-4990-130-5510-140-5930 | 16500-500-20000-550-22200-600-25200-650-27800-700-29900-800-33900-900-37500 |
| 16. | Sweeper | 1 | 4300-100-4400-110-4510-120-4990-130-5510-140-5930 | 16500-500-20000-550-22200-600-25200-650-27800-700-29900-800-33900-900-37500 |
| 17 | Watchman | 2 | 4300-100-4400-110-4510-120-4990-130-5510-140-5930 | 16500-500-20000-550-22200-600-25200-650-27800-700-29900-800-33900-900-37500 |
| | **TOTAL** | **37** | | |

B. പെട്രോൾ പമ്പ്

| Sl. No. | Name of Posts | No. of Posts | Existing Scale of Pay | Revised Scale of Pay |
|---|---|---|---|---|
| 1. | Cashier | 2 | 2000-60-2300-70-2650-80-3050-90-3410 | 12450-350-14200-400-12600-500-19200-600-22200-725-25825-850-29225-900-33725 |

| | | | | |
|---|---|---|---|---|
| 2. | Operator | 11 | 1700-50-1950-60-2250-70-2530-80-2850 | 9575-275-10950-300-12450-250-14200-400-16200-500-19200-600-22200-725-25825 |
| 3. | Helper | 1 | 1700-50-1950-60-2250-70-2530-80-2850 | 9575-275-10950-300-12450-250-14200-400-16200-500-19200-600-22200-725-25825 |
| 4. | Sweeper | 1 | 1250 + D.A (As per KSR) | 7500-200-7900-225-8575-250-9575-275-10950-300-12450-350-14200-400-16200-500-19200 |

## C. ആയുർധാര ഫാർമസ്യൂട്ടിക്കൽസ്

| SL No. | Name of Post | No. of Posts | Scale of Pay as per G.O.(P)No.145/2006 dt.25/03/06 | Revised Scale of Pay |
|---|---|---|---|---|
| 1. | General Manager | 1 | Now working on deputation from Co-operative Department (Assistant Registrar) | |
| 2. | Manager | 1 | Now Junior Accountant on Working Arrangement from Federation | |
| 3. | Pharmacist | 1 | 5510-140-5930-150-6680-160-7480-170-7990-200-8590 | 19000-500-20000-550-22200-600-25200-650-27800-700-29900-800-33900-900-37500-1000-42500-1100-43600 |
| 4. | Purchase & Sales Officer | 1 | 7990-200-9590-240-10790-280-11910-340-12930 | 26500-650-27800-700-29900-800-33900-900-37500-1000-42500-1100-48000-1200-54000-1350-56700 |
| 5. | Pharmacy Attender | 1 | 4400-110-4510-120-4990-130-5510-140-5930-150-6680 | 17000-500-20000-550-22200-600-25200-650-27800-700-29900-800-33900-900-37500 |
| 6. | Technical Assistant | 1 | 4990-130-5510-140-5930-150-6680-160-7480-170-7990 | 19000-500-20000-550-22200-600-25200-650-27800-700-29900-800-33900-900-37500-1000-42500-1100-43600 |

D. ആയുർധാരയിലെ താല്ക്കാലിക ജീവനക്കാർ

| SL No | Name of Posts | No. of Posts | Existing consolidated pay | Revised consolidated pay w.e.f. 1 .9.2017 |
|---|---|---|---|---|
| 1. | Production Manager/Medical Officer | 1 | 15000 | 25000 |
| 2. | Chemist | 1 | 8770 | 13155 |
| 3. | Supervisor | 1 | 11980 | 17970 |
| 4. | Production Worker (Skilled) | 6 | 8930 | 13395 |
| 5. | Production Worker (semi Skilled) | 4 | 7785 | 11677 |
| 6. | Production Worker | 8 | 6250 | 9375 |
| 7. | Computer Operator (Raw material) | 1 | 9500 | 14250 |
| 8. | Computer Operator (Purchase Section) | 1 | 8378 | 12567 |
| 9. | Computer Operator (Billing Section) | 1 | 7900 | 11850 |
| 10. | Boiler Operator | 1 | 10000 | 15000 |
| 11. | Office Staff/Computer Operator | 1 | 7000 | 10500 |
| 12. | Peon | 1 | 7210 | 10815 |
| 13. | Driver | 1 | 7660 | 11490 |
| 14. | Sweeper | 1 | 6000 | 9250 |
| 15. | Security | 2 | 7800 | 11000 |
| 16 | Area Sales Officer | 4 | 10000 | 15000 |
| | **Total** | **35** | | |

E. പഞ്ചകർമ്മ ആശുപത്രി

| Sl. No. | Name of Posts | No. of Posts | Existing Consolidated Pay | Revised Consolidated pay w.e.f 01.09.2017 |
|---|---|---|---|---|
| 1. | Ayurveda Medical Officer | 1 | 15000 | 25000 |
| 2. | Massier | 2 | 6000 | 9000 |
| 3. | Asst. Massier/Theatre Assistant | 2 | 5000 | 7500 |
| 4. | Attender/Sweeper | 1 | 5000 | 7500 |
| 5. | Receptionist | 1 | 6000 | 9000 |
| 6. | Cashier | 1 | 6000 | 9000 |
| | Total | 8 | **43000** | **67000**. |

# അനുബന്ധം

1) <u>മാസ്റ്റർ ശമ്പള സ്കെയിൽ</u>

2750-70/5 - 3100-90/5 - 3550-115/5 - 4125-140/5 - 4825-165/5 - 5650-195/5 - 6625 - 225/5 - 7750 - 255/5 - 9025 - 285/5 - 10450 - 315/5 - 12025 - 345/5 - 13750-375/5 - 15625

2) <u>വിവിധ തസ്തികകളുടെ ശമ്പള സ്കെയിലുകൾ</u>

| ക്രമ നം | തസ്തികയുടെ പേര് | നിലവിലുള്ള ശമ്പള സ്കെയിൽ | പുതുക്കി നിശ്ചയിക്കേണ്ട ശമ്പള സ്കെയിൽ |
|---|---|---|---|
| 1 | ഡ്രൈവർ | 1120-30/1 - 1150-40/5-1350-50/5 - 1600-60/5-1900-70/4-2180 | 3030-70/1-3100-90/5-3550-115/5-4125-140/5-4825-165/5-5650-195/5-6625-225/4-7525 |
| 2 | ഫാക്ടറി അസിസ്റ്റന്റ് / ലാബ് അസിസ്റ്റന്റ് / ക്ലാർക്ക് | 1150-40/5-1350-50/5 - 1600-60/5-1900-70/5-2250 | 3100-90/5-3550-115/5-4125-140/5-4825-165/5-5650-195/5-6625-225/5-7750 |
| 3 | ഷിഫ്റ്റ് സൂപ്പർവൈസർ | 1450 -50/3-1600-60/5-1900-70/5-2250-85/5-2675-100/1-2775 | 3895-115/2-4125-140/5-4825-165/5-5650-195/5-6625-225/5-7750-255/5-9025-285/3-9880 |
| 4 | ഫോർമാൻ | 720-60/3 - 1900-70/5-2250-85/5-2675-100/5-3175-120/2-3415 | 4545-140/1-4825-165/5-5650-195/5-6625-225/5-7750-255/5-9025-285/5-10450-315/3-11395 |
| 5 | അസിസ്റ്റന്റ് മാനേജർ (ഫിനാൻസ്) | 2040 -70/3-2250-85/5-2675-100/5 - 3175-120/5-3775-140/2-4055 | 5485-165/1-5650-195/5-6625-225/5-7750-255/5-9025-285/5-10450-315/5-12025-345/4-13405 |
| 6 | ഫാക്ടറി മാനേജർ | 2420 -85/3-2675-100/5-3175-120/5-3775-140/5-4475-165/1-4640 | 6430-195/1-6625-225/5-7750-255/5-9025-285/5-10450-315/5-12025-345/5-13750-375/4-15250 |